കുഞ്ഞേ കുട്ടി വാവാ

വചനം കേൾക്കാൻ പോകാം (2)

പ്രാണക്കുട്ടി വാവാ

വചനം കേൾക്കാൻ പോകാം (2)

ആദാം നമ്മുടെ വല്ല്യപ്പൻ

ഹവ്വാ നമ്മുടെ വല്ല്യമ്മ (2)

കായീൻ നമ്മുടെ വല്ല്യേട്ടൻ

ഹാബേൽ നമ്മുടെ കൊച്ചേട്ടൻ (2)

കുഞ്ഞേ കുട്ടി വാവാ

കായീൻ-ഹാബേൽ കൊലപോലെ

ആരെയും കൊല ചെയ്തീടല്ലേ (2)

ദൈവത്തെ ആരാധിച്ച

ഏനോശ് നമ്മുടെ കുഞ്ഞേട്ടൻ (2)

കുഞ്ഞേ കുട്ടി വാവാ

ഈശോ നമ്മുടെ കർത്താവ്

പ്രാണപ്രിയനാം കർത്താവ് (2)

ആരാധിക്കാം എന്നേയ്ക്കും

നമുക്കും സത്യ ദൈവത്തെ (2)

ആരാധന എങ്ങനെ വേണം

അത് സത്യത്തിൽ-ആത്മാവിൽ (2)

കുഞ്ഞേ കുട്ടി വാവാ

